The Kerala Local Authorities Entertainmenats Tax (Amendment) Bill, 1969.

Works Minister (**Shri T. K. Divakaran**): Sir, I introduce the Kerala Local Authorities Entertainments Tax (Amendment) Bill, 1969.

Deputy Speaker:—The Bill stands introduced.

Sri. T. K. Divakaran:—Sir, I move that the Bill be taken into consideration.

Revenue Minister (**Smt K. R. Gouri**): I second it.

ശ്രീ. ടി. കെ. ദിവാകരൻ: സർക്കസ്സും നാടകങ്ങളും വിനോദനികുതിയിൽ നിന്നു് ഒഴിവാക്കണമെന്നു് പല സംഘടനകളും ഗവർമ്മെൻറിൽ നിവേദനം നടത്തിയതിൻെറ ഫലമായി, അവരനുഭവിച്ചുവരുന്ന പ്രയാസങ്ങളം ഒഴിവാക്കാൻവേണ്ടിയാണു് ഈ ബിൽ അവതരിപ്പിക്കുന്നതു്. മാജിക്കു് പൂർണ്ണമായും വിനോദനികുതിയിൽനിന്നു് ഒഴിവാക്കുന്നതിനും, സർക്കസ്സിനും ഡ്രാമയ്ക്കും മിതമായി ടാക്സു് ഈടാക്കുന്നതിനും സഹായകമായ രീതിയിലാണു് ഇപ്പോൾ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുള്ളതു്. ഇപ്പോൾ വിനോദ നികുതി 10 മുതൽ 25 ശതമാനം വരെ ചുമത്തുന്നതിനു് അതതു് പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾക്കു് അവകാശമുണ്ടു്. എന്നിരുന്നാലും നികുതി ഒഴിവാക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് പലപ്പോഴും കലാസമിതികളും പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾക്കു് അപേക്ഷകളും നൽകുകയും മിക്കവാറും കലാസമിതികളെ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾ വിനോദനികുതിയിൽനിന്നു് ഒഴിവാക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണു്. ആ നിലയിൽ ഒഴിവാക്കാൻ വ്യവസ്ഥകളും ഉള്ളതുകൊണ്ടു് മിക്കവാറും നാടകങ്ങളും സർക്കസ്സും വിനോദനികുതിയിൽനിന്നു് ഒഴിവാക്കപ്പെട്ടുന്നുണ്ടു്. പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾക്കു് ഉദ്ദേശിക്കുന്ന രീതിയിൽ വിനോദനികുതി ലഭിക്കുന്നില്ലെന്നു മാത്രമല്ല സെക്യൂരിറ്റി വയ്ക്കുകയും പിന്നെ കണക്കുകളും ഹാജരാക്കി സെക്യൂരിറ്റി റീഫണ്ടുചെയ്യുകയും മറ്റും ചെയ്യേണ്ടിവരുന്നു. അതുകൊണ്ടു്, പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾക്കു വരുമാനം ലഭിക്കാതിരിക്കുകയും അതേസമയം, ടാക്സിൽ നിന്നു് ഒഴിവാക്കിക്കിട്ടുന്നതിനു് നാടകസംഘങ്ങളും സർക്കസ്സു് കമ്പനികളും നടത്തുന്ന ശ്രമത്തിൽ വലിയ ബുദ്ധിമുട്ടുകളും ഉണ്ടാകുകയും ചെയ്യുന്നു. ഇതു ഒഴിവാക്കുകയും പ്രയാസം കൂടാതെയുള്ള ടാക്സു് നിശ്ചയിക്കുകയുമാണു് ബില്ലിൽ ചെയ്തിരിക്കുന്നതു്. ഒരു നിശ്ചിത തുക എൻറർടെയിൻമെൻറു് ടാക്സു് ആയി നിശ്ചയിക്കുന്നതുകൊണ്ടു് ഇന്നത്തെക്കാളും കൂടുതൽ വരുമാനം പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾക്കു് ഉണ്ടാകുമെന്നാണു് ഉദ്ദേശിക്കുന്നതു്. ഗവർമ്മെൻറിനു് ഒരു സർച്ചാർജ്ജ് ഇപ്പോൾത്തന്നെ ഉണ്ടു്. നാടകക്കമ്പനികളുടെയും സർക്കസ്സുകമ്പനികളുടെയും പ്രയാസം ഒഴിവാക്കുന്നതിനും പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളുടെ വരുമാനം അൽപംകൂടി വർദ്ധിപ്പിക്കുന്നതിനും ഇതു സഹായകമാകുമെന്നാണു് ഗവർമ്മെൻറു് പ്രതീക്ഷിക്കുന്നതു്. ബില്ലിൽ താൽപര്യമുള്ള സർക്കസ്സു് കമ്പനികളിൽ നിന്നോ കലാസംസ്കാരികസമിതികളിൽനിന്നോ, ബില്ലു സംബന്ധിച്ചു് എന്തെങ്കിലും പ്രയാസമുണ്ടെന്നോ ഭേദഗതി വേണമെന്നോ ഉള്ള അഭിപ്രായമുണ്ടായിട്ടില്ല. പൊതുവെ അനുകൂലമായ അഭിപ്രായമാണു് അവർ പുറപ്പെടുവിച്ചിട്ടുള്ളതു്. അതുകൊണ്ടു് ഈ ബിൽ പാസാക്കിത്തരണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

Shri. K. M. Mani:— Sir, "I move" that the Kerala Local Authorities Entertainments Tax (Amendment) Bill, 1969 be referred to a Select Committee"

LIBRARY ARCHIVES Kerala Legislative Assembly

സർ, സർക്കസ് കമ്പനികൾക്കും മറ്റും ടാക്സ് ഇളവുചെയ്തുകൊടുക്കുന്നതിനുള്ള ഈ ബില്ലിലെ നിർദ്ദേശങ്ങളോട് പരിപൂർണ്ണമായി യോജിക്കാൻ സാധിക്കുകയില്ല. സർക്കസ് കമ്പനികളിൽനിന്നും മറ്റും ചില നിവേദനങ്ങൾ കിട്ടിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തുക ഇളവുചെയ്യുമെന്നാണ് ബില്ലിന്റെ ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ പറയുന്നത്. സർക്കസ്, ഡ്രാമ ഈ കലകളെ പ്രോൽസാഹിപ്പിക്കേണ്ടതാവശ്യമാണെന്നും അതിൽ പറയുന്നുണ്ട്. സർ, പ്രോൽസാഹിപ്പിക്കേണ്ട കലാസംരംഭങ്ങളുടെ കൂട്ടത്തിൽ ഡ്രാമയ്ക്കും സർക്കസ്സിനും മാത്രം പ്രത്യേകമായ പ്രോത്സാഹനം ആവശ്യമാണെന്ന പറയുന്നതിന്റെ കാരണം എന്താണെന്ന് എനിക്ക മനസ്സിലാകുന്നില്ല: നമ്മുടെ നാട്ടിൽ സാധാരണ, സർക്കസ് കമ്പനികളും സർക്കസ് നടത്തുന്നത് കോട്ടയത്തോ തിരുവനന്തപുരത്തോ കൊല്ലത്തോ എവിടെയായാലും, ആ കാലങ്ങളിൽ അവിടത്തെ സിനിമാതീയേറ്ററുകളും അച്ചേ പൂട്ടേണ്ട സ്ഥിതി വരുന്നതായിട്ടാണ് കണ്ടിട്ടുള്ളത്. സർ അത്രമാത്രം കളക്ഷൻ ലഭിക്കുന്ന വളരെ ആദായകരമായ ഒരു തൊഴിലാണത്. ഓരോ സ്ഥലത്തും കൂടാരമടിച്ച് രണ്ടുംമൂന്നും മാസം വീതം പെർഫോർമൻസ് നടത്തി അനേകലക്ഷം രൂപ ആദായമുണ്ടാക്കുന്നവയാണ് ഈ കമ്പനികളും. തീർച്ചയായും അവരുടെ കായികാഭ്യാസം നമുക്ക് അഭിമാനകരമാണ്. അവരുടെ കഴിവുകളെക്കുറിച്ച് ആദരവില്ലാതെയല്ല ഞാനിതു പറയുന്നത്. അവരുടെ പെർഫോമൻസുകളെക്കുറിച്ച് എനിക്ക ആദരവുണ്ട്.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: സർക്കസ് കമ്പനികൾക്ക് വഹിക്കേണ്ടിവരുന്ന ദുർവ്വഹമായ ചെലവുകളെപ്പറ്റി ബഹുമാനപ്പെട്ട മെംബർക്കറിയാമോ?

ശ്രീ. കെ. എം. മാണി: ചെലവുകളുണ്ടെന്നേറിയാം: ആന വേണം, കുതിര വേണം, കഴുതവേണം, സിംഹം വേണം, എല്ലാം വേണം. ചെലവുകളും ഉണ്ട് പക്ഷേ ആ ചെലവുകളും കഴിച്ച് അതിൽനിന്നു കിട്ടുന്ന റിട്ടേൺസ് നോക്കുകയാണെങ്കിൽ മറ്റു യാതൊരു പ്രസ്ഥാനത്തിൽനിന്നും കിട്ടുന്നതിനെക്കാളും വളരെ കൂടുതലാണ്.

ശ്രീ. ഇ. അഹമ്മദ്: ഈ നാട്ടിൽനിന്നുള്ള സർക്കസ് കമ്പനികൾക്ക് മറ്റു സംസ്ഥാനങ്ങളിൽ ആനുകൂല്യം ചെയ്തുകൊടുക്കുന്നുവെന്നുള്ളതു ബഹുമാനപ്പെട്ട മെംബർക്കറിയാമോ?

ശ്രീ. കെ. എം. മാണി: അങ്ങനെ കൊടുക്കുന്നതുകൊണ്ട് അതുപോലെ ഇവിടെയും കൊടുക്കണമെന്ന പറയാൻ സാധിക്കുകയില്ല.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: അനേകം സർക്കസ് കമ്പനികൾ പൊളിഞ്ഞുപോയിട്ടുള്ളതായും നഷ്ടം സഹിച്ചിട്ടുള്ളതായും അറിയാമോ?

ശ്രീ. കെ. എം. മാണി: പൊളിഞ്ഞുപോയിട്ടുണ്ടാകും. അതേസമയം പ്രശസ്തിയാർജ്ജിച്ച കമ്പനികൾക്ക് നല്ല ആദായം കിട്ടുന്നുമുണ്ട്. എല്ലാവർക്കും ആദായം ഉണ്ടെന്നേ പറയുന്നില്ല. പക്ഷേ ഇവിടെ ആനുകൂല്യം കൊടുത്തിരിക്കുന്നത് സർക്കസ് കമ്പനികൾക്കെല്ലാം യാതൊരു വ്യവസ്ഥകളും വിധേയമല്ലാതെ മുഴുവനും ഒഴിവാക്കിക്കൊടുത്തുകൊണ്ടാണ്. അങ്ങനെ, മറ്റു സംസ്ഥാനങ്ങളും കൊടുക്കുന്നുവെന്നതിന്റെ പേരിൽ പാരിതോഷികമായി നമ്മുടെ സംസ്ഥാനവും കൊടുക്കണമെന്നു പറയുന്നതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മറ്റപ്പള്ളി മജീദ്: പല രാജ്യങ്ങളിലും പോയി സർക്കസ് നടത്തുന്നതു് കേരളത്തിലുള്ളവരാണെന്നറിയാമോ?

ശ്രീ. കെ. എം. മാണി: എനിക്കു് സർക്കസുകാരോടു് ഒരു വിരോധവുമില്ല. കാണാൻ കൗതുകമുള്ളതും രസമുള്ളതുമാണു് അതു്. സർക്കസും ഡ്രാമയും പ്രോത്സാഹിപ്പിക്കേണ്ട കലകൾ തന്നെയാണു്. പക്ഷേ ആനുകൂല്യം കൊടുക്കുന്നതിനു സ്വീകരിച്ചിരിക്കുന്ന തത്വം ആണു് എനിക്കു മനസ്സിലാകാത്തതു്. തത്വം സ്വീകരിക്കുന്ന പക്ഷം സിനിമയ്ക്കും കൊടുക്കണം. നാടകത്തിലെ രംഗങ്ങളും അഭിനയവുമെല്ലാം സെല്ലുലോയിഡിൽ പകർത്തിയതാണു്, ഈ കലകളിലുള്ള എല്ലാ വൈദഗ്ധ്യത്തിനേറെയും സമഞ്ജസമായ സമ്മേളനമാണു് സിനിമ. അപ്പോൾ അതും ഒഴിവാക്കേണ്ടതല്ലേ? ഓബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ ഡ്രാമ എന്ന കല പ്രോത്സാഹനാർഹമാണെന്നു പറയുമ്പോൾ അതിലെ യുക്തി സ്വീകാര്യമല്ല. അങ്ങനെയാണെങ്കിൽ സിനിമയും ഒഴിവാക്കണം. നല്ല ഡ്രാമാ കമ്പനികളും വല്ലതും നഷ്ടത്തിൽ നടക്കുന്നുണ്ടെങ്കിൽ ഒഴിവാക്കിക്കൊടുക്കുന്നതിൽ വിരോധമില്ല. എനിക്കു് ഡ്രാമാകമ്പനികളോടൊന്നിനോടും ഒരു വിരോധവുമുണ്ടായിട്ടു പറയുകയല്ല, എനിക്കങ്ങനെ പ്രിജുഡീസ് ഒന്നുമില്ല. പക്ഷേ വളരെ വ്യാപകമായി, എല്ലാ ഡ്രാമാകമ്പനികളേയും ഒഴിവാക്കുന്നതു ശരിയല്ലെന്നാണു് പറഞ്ഞതു്. ചില ലിമിറ്റേഷൻസ് വയ്ക്കാം. വലിയ വരുമാനക്കാരെ ഒഴിവാക്കുന്നതു ശരിയല്ല. ഇത്ര സംഖ്യയ്ക്കുപരിയായുള്ളതെന്നോ മറ്റോ ഒരു പരിധിവയ്ക്കാം. അതിനു താഴെയുള്ള ഡ്രാമാകളെ വേണമെങ്കിൽ ഒഴിവാക്കി ഇളവു ചെയ്തു കൊടുത്തുകൊള്ളുക. ഡ്രാമാ പ്രോത്സാഹിപ്പിക്കേണ്ടതുതന്നെയാണു്. പക്ഷേ അതിലുള്ള യുക്തിഭംഗംകൊണ്ടു് പറയുകയാണു്. സർക്കസ്സിനെ സംബന്ധിച്ചായാലും പ്രശസ്തങ്ങളായ കമ്പനിക്കാരിൽനിന്നും, ഇത്ര വരുമാനത്തിനപ്പുറമുള്ളതെന്നു് ഒരു പരിധിവച്ചിട്ടു് അതനുസരിച്ചു്, ടാക്സ് ഈടാക്കണം. ഇവിടെ, പ്രഭാതം മുതൽ പ്രദോഷംവരെ നട്ടെല്ലുപൊട്ടി പണിയെടുക്കുന്ന കൃഷിക്കാരനെ ഞെക്കിപ്പിഴിഞ്ഞു് നികുതിയുണ്ടാക്കാൻ നിങ്ങൾക്കു് ആവേശമുണ്ടു്. അവരുടെ ദീനരോദനം കേൾക്കാൻ ആളില്ല. ഒരു നിവേദനം കിട്ടിയതിന്റെ പേരിൽ നിയമമുണ്ടാക്കികൊണ്ടുവന്നു് ഇവിടെവന്നു പ്രസംഗിക്കുന്നു. ലജ്ജയില്ലേ എന്നു ഞാൻ ചോദിക്കുകയാണു്. അതുകൊണ്ടു്, ന്യായമായ രീതിയിൽ മാതൃകാപരമായ ഒരു ബില്ലുണ്ടാക്കി, സർക്കാരിന്റെ വരുമാനം നഷ്ടപ്പെടാതെ, സാമാന്യമായ നീതി പുലർത്തിക്കൊണ്ടു് പ്രതിപക്ഷത്തിരിക്കുന്നവരുടെ അഭിപ്രായങ്ങളും സ്വീകരിച്ചുകൊണ്ടു് നല്ലൊരു ബിൽ രൂപപ്പെടുത്തിയെടുക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. അതിനുവേണ്ടി, സെലക്ട് കമ്മിറ്റിക്കു വിടണമെന്നു് ബഹുമാനപ്പെട്ട മന്ത്രി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും, ഇതു് പൊതുജനാഭിപ്രായം അറിയുന്നതിനു് സർക്കുലേറ്റു ചെയ്യണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്.

ഡപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറുടെ ഭേദഗതിതന്നെ സെലക്ട് കമ്മിറ്റിക്കു റഫർ ചെയ്യണമെന്നാണല്ലോ.

ശ്രീ. കെ. എം. മാണി: ഈ ഭേദഗതി കൊടുക്കുമ്പോൾ മന്ത്രി എന്താണു തീരുമാനിച്ചിരിക്കുന്നതെന്നറിഞ്ഞിരുന്നില്ല.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ കൊണ്ടുവന്നിട്ടുള്ള ഭേദഗതി ഇതു സെലക്ട് കമ്മിറ്റിക്കു റഫർ ചെയ്യണമെന്നാണു്, ബഹുമാനപ്പെട്ട മന്ത്രിയും ആ ആ അഭിപ്രായക്കാരനാണെന്നാണു് ശ്രീ. മാണി പറയുന്നതു്. അതു ശരിയല്ല.

ഡപ്യൂട്ടി സ്പീക്കർ: മന്ത്രി പറഞ്ഞതു കേൾക്കാതെയാണു് ബഹുമാനപ്പെട്ട മാണി സംസാരിച്ചതെന്നു തോന്നുന്നു.

ശ്രീ. കെ. എം. മാണി: ഇതു സെലക്ട്കമ്മിറ്റിക്കു വിടണമെന്ന അഭിപ്രായമാണ് ബഹുമാനപ്പെട്ട മന്ത്രി പുറപ്പെടുവിച്ചതെന്നു തെറ്റായി ഞാൻ ധരിച്ചതാണ്.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: മന്ത്രി പറയുന്നതിനെ എതിർക്കണമെന്നേയുള്ളൂ.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ അതാണു മനസ്സിലാക്കുന്നതെങ്കിൽ എനിക്കു പരാതിയില്ല.

സർ, ഏതായാലും ഇതെല്ലാം വിശദമായിട്ട് ഒരു കമ്മിറ്റി പരിശോധിക്കണം. സർക്കാരിനു് ഇതുമൂലം എന്തുമാത്രം വരുമാനം ഉണ്ടാകും, ഈ ബിൽ ഇതേ നിലയിൽ പാസ്സായാൽ വൻകിട പ്രൊഫഷണൽ വ്യവസായികൾക്കു് എത്രമാത്രം ആദായം ഉണ്ടാകും എന്നും മറ്റുമുള്ള കാതലായ പ്രശ്നങ്ങൾ പരിശോധിക്കാൻ ഇതു സെലക്ട് കമ്മിറ്റിക്കു വിടണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: സർ, ഇങ്ങനെയൊരു ബിൽ ഇവിടെ അവതരിപ്പിച്ചതിനു് ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണു്. ഇങ്ങനെയൊരു ബിൽ നിയമസഭയിൽ അവതരിപ്പിക്കണമെന്ന നേരത്തെ തീരുമാനിച്ചിരുന്നുവെന്ന സൂചന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിലുണ്ടായിരുന്നെങ്കിലും കഴിഞ്ഞ നിയമസഭാസമ്മേളനകാലത്തു് ഇങ്ങനെയൊരു നിയമനിർമ്മാണം അത്യന്താപേക്ഷിതമാണെന്ന ഒരു അനൗദ്യോഗികപ്രമേയത്തിന്റെ അടിസ്ഥാനത്തിലാണു് ആ തീരുമാനം എടുത്തതെന്ന കാര്യം വിസ്മരിച്ചുപോയതു കഷ്ടമായിപ്പോയി.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: ആ പ്രമേയം ആരാണു് അവതരിപ്പിച്ചതെന്നോർമ്മയുണ്ടോ?

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള. ബഹുമാനപ്പെട്ട കൃഷ്ണപുരം മെമ്പറാണെന്നാണു് എന്റെ ഓർമ്മ.

എന്തായാലും സദുദ്ദേശപ്രേരിതനായി ഇങ്ങനെയൊരു ബിൽ ഇപ്പോഴെങ്കിലും അവതരിപ്പിച്ചതിനു് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണു്.

സർ, അടുത്ത കാലംവരെ നമ്മുടെ കലാസംഘടനകളും, നാടകസംഘങ്ങളും, സർക്കസ്സുകമ്പനികളും മറ്റു കലാ സാംസ്കാരികസംഘടനകളും ഒട്ടുഹമായ നികുതിഭാരംകൊണ്ടു വളരെയധികം കഷ്ടനഷ്ടങ്ങൾ സഹിച്ചിരുന്നു, ശ്രീ. കെ. എം. മാണി സർക്കസ്സിനെപ്പറ്റി പറഞ്ഞ അഭിപ്രായങ്ങളോടു യോജിക്കാൻ നിവൃത്തിയില്ല. സർക്കസ്സ് കേവലം ഒരു ബിസ്സിനസല്ല, ഉയർന്ന ഒരു കലാരൂപമാണെന്നു് ശ്രീ. മാണി ഇനിയെങ്കിലും മനസ്സിലാക്കണം. ഭാരതത്തിൽ ഒറ്റ സർക്കസുകമ്പനിപോലും ഭാരിച്ച ലാഭമുണ്ടാക്കുന്ന വ്യവസായത്തിൽ ഏർപ്പെട്ടിട്ടില്ലെന്നു മനസ്സിലാക്കണം. വിശ്വവിഖ്യാതമായ ജമിനി സർക്കസുകമ്പനിപോലും ഭാരിച്ച നഷ്ടത്തിലാണു പ്രവർത്തിക്കുന്നതെന്ന സത്യം മറച്ചുവച്ചുകൊണ്ടാണു് ശ്രീ. മാണി സംസാരിച്ചതെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. പല സർക്കസുകമ്പനികളും പിരിച്ചുവിട്ടിട്ടുണ്ടു്. വിദേശങ്ങളിൽ പോയി ലാഭമുണ്ടാക്കുന്നുവെന്നു് പറയുന്നതു ശരിയല്ല. നാടകങ്ങളെ സംബന്ധിച്ചു് പറയുകയാണെങ്കിൽ ഒരുപോലെ ഭാരതത്തിൽ ഒന്നാംസ്ഥാനത്തു നിൽക്കാൻ കഴിവുള്ള ഒന്നാംതരം നാടകസംഘങ്ങളും, നാടകങ്ങളും സ്റ്റേജുചെയ്യാനും, എഴുതാനും കഴിവുള്ള കലാകാരന്മാരും കേരളത്തിലുണ്ടു്. പക്ഷേ ഒട്ടുഹമായ നികുതിഭാരംമൂലം അർഹിക്കുന്ന രീതിയിലുള്ള അഭിവൃദ്ധി കൈവരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇങ്ങനെയൊരു നിയമനിർമ്മാണം ഏറ്റവും സ്വാഗതാർഹമാണു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, മാജിക്കിനെ നികുതിയിൽനിന്നു് ഒഴിവാക്കിയിരിക്കുന്നതിന്റെ പ്രത്യേക കാരണമെന്താണെന്നു മനസ്സിലാകുന്നില്ല. മാജിക്കിനും എന്തെങ്കിലും ചെറിയ നികുതി ചുമത്തുന്നതിൽ വലിയ ദോഷമില്ലെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. കെ. എം. മാണി: മനുഷ്യനെ ചൂഷണം ചെയ്യുന്ന പണമുണ്ടാക്കുന്ന മാജിക്കുകാർക്കും നികുതി ചുമത്താമല്ലോ.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: മാജിക്കിനെ നികുതിയിൽനിന്നു് ഒഴിവാക്കിയതു ശരിയല്ല, ചെറിയ തോതിൽ നികുതി ചുമത്തുന്നതിൽ അപാകതയില്ലെന്നാണു് ഞാൻ പറഞ്ഞതു്.

സർ, ഈ കലാസംഘടനകളെ വ്യവസായികാടിസ്ഥാനത്തിലാണു്, വ്യവസായസ്ഥാപനങ്ങളെ എന്ന പരിഗണനയിലാണു് നികുതിക്കു വിധേയമായി നിയമനിർമ്മാണം നടത്തുന്നതു്. ലോകത്തെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു് കലാസാംസ്കാരികസംഘടനകളെ വളരെയേറെ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള കേരളത്തിൽ സർക്കസ്സായാലും നാടകങ്ങളായാലും നികുതി കൊടുക്കണമെന്നു വന്നാൽ അതു് അവയുടെ അഭിവൃദ്ധിക്കു വിലങ്ങുതടിയായിരിക്കുമെന്നുള്ളതുകൊണ്ടാണു് ഇങ്ങനെയൊരു നിയമനിർമ്മാണത്തിനൊരുങ്ങുന്നതു്. ഇതുമൂലം പ്രൊഡക്ഷൻ അതോറിട്ടീസിനു നഷ്ടം ഉണ്ടാകുമെന്നൊരു വാദഗതി ഉയർന്നുവരുകയുണ്ടായി. അങ്ങനെ നഷ്ടം ഉണ്ടാകുകയില്ലെന്നു മാത്രമല്ല, നിർദ്ദിഷ്ടശ്രുപത്തിലുള്ള നികുതിസമ്പ്രദായംകൊണ്ടു വരവു വർദ്ധിക്കുകയേയുള്ളൂ. ഇന്നു് സ്വയംഭരണസ്ഥാപനങ്ങൾ യഥാർത്ഥത്തിൽ, നിയമമനുസരിച്ചു വസൂലാക്കുന്ന തുകകൾ പല രീതിയിലും ദുർവിനിയോഗം ചെയ്യുന്നുണ്ടെന്നുള്ള പരാതി പരക്കെ ഉയർന്നുവന്നിട്ടുണ്ടു്. ഒരു പരിധിവരെ അതു പരമാർത്ഥവുമാണു്. അങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ഇങ്ങനെയൊരു നിയമനിർമ്മാണം ആവശ്യമാണു്.

സർ, കലാസാംസ്കാരികസംഘടനകളുടെ വളർച്ചയേയും അഭിവൃദ്ധിയേയും ഉദ്ദേശിച്ചുള്ള മഹത്തായ ഒരു നിയമനിർമ്മാണം എന്ന നിലയിൽ ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുകയാണു്. ഇതു് എത്രയും വേഗം പാസ്സാക്കിയാൽ, ഈ നിയമനിർമ്മാണത്തിലൂടെ കഴിഞ്ഞ നിരവധി വർഷങ്ങളായി അവഗണിക്കപ്പെട്ടിരുന്ന കലാസംഘടനകളെ ഇനിയെങ്കിലും ഉദ്ധരിക്കാൻ സാധിച്ചു എന്ന കൃതാർത്ഥത ഈ ഗവണ്മെന്റിനു നേടാൻ കഴിയുമെന്നു അനുസ്മരിപ്പിച്ചുകൊണ്ടു് ഞാൻ ഇതിനെ അനുകൂലിക്കുന്നു.

ശ്രീ. എം. കെ. എ. ഹമീദ്: സർ, ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണു്. കേരളത്തിന്റെതെന്നു് അവകാശപെടാവുന്ന ഒരു കലയായ സർക്കസ്സു് വളരെയധികം പ്രയാസങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണു്. നശിച്ചുകൊണ്ടിരിക്കുകയാണു് എന്നൊക്കെയുള്ള പരാമർശങ്ങളും ഈ സഭയ്ക്കകത്തും പുറത്തും നാം ധാരാളം കേട്ടിട്ടുണ്ടു്. സർക്കസ്സും നാടകവുമൊക്കെ ഇങ്ങനെയുള്ള ബുദ്ധിമുട്ടുകളിൽ അകപ്പെട്ടിരിക്കുന്ന എന്ന കാരണത്താൽ അവയെ എല്ലാം വിനോദ നികുതിയിൽ നിന്നൊഴിവാക്കുന്നതു ഒരു നല്ല നടപടി ആയിരിക്കുകയില്ലേ എന്നു പരിശോധിക്കേണ്ടതായിട്ടുണ്ടു്, അതുകൊണ്ടു് ഈ ബിൽ, ഏതാനും നിമിഷങ്ങൾക്കകം ഇന്നുതന്നെ ഇവിടെ പാസാക്കണമെന്നു് നിർബന്ധം പിടിക്കണമെന്നില്ല. ബിൽ സെലക്ടുകമ്മിറ്റിക്കു അയയ്ക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു, പല കാര്യങ്ങളും പരിശോധിക്കേണ്ടതായിട്ടുണ്ടു്. വിനോദ നികുതിയിനത്തിൽ ലോക്കൽ ബാഡീസിനും സംസ്ഥാനഗവണ്മെന്റിനും എത്രമാത്രം തുകയാണു കിട്ടുന്നതു്? ഈ തുക വേണ്ടെന്നുവച്ചാൽ അതു എത്രമാത്രം സാമ്പത്തികബാദ്ധ്യതയുണ്ടാക്കും. അതു വേറെ ഏതുവിധത്തിൽ നികത്താൻകഴിയും എന്നിങ്ങനെയുള്ള പല കാര്യങ്ങളും പരിശോധിക്കേണ്ടതായിട്ടുണ്ടു്. അങ്ങനെയുള്ള വിവരങ്ങളൊന്നും ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയോ, അംഗങ്ങളോ സമർപ്പിച്ചിട്ടില്ല. ഈ പ്രസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ത്തെ സംരക്ഷിക്കാൻവേണ്ടി നികുതി ഇളവു ചെയ്യുമ്പോഴും സ്വയംഭരണസ്ഥാപനങ്ങൾക്കും, ഗവണ്മെൻറിനും നേരിടുന്ന നഷ്ടം നികത്താനുള്ള മാർഗ്ഗങ്ങളും ഉണ്ടോ എന്നും പരിശോധിക്കേണ്ടതായിട്ടുണ്ട്. അവശേഷിക്കുന്ന വിനോദ നികുതിയിനങ്ങളിൽ തന്നെ ചില ചെറിയ മാറ്റം വരുത്തിയാൽ നഷ്ടം പരിഹരിക്കാൻ സാധിക്കുമോ എന്നും പരിശോധിക്കേണ്ടതും ആവശ്യമാണെന്നു എനിക്കു തോന്നുന്നു. വിനോദ നികുതി പിരിക്കുന്നതിൻെറ അഖിലേൻഡ്യാടിസ്ഥാനത്തിലുള്ളതിൽ ഒരു കണക്കു് അടുത്തകാലത്തു് എനിക്കു കാണാൻ കഴിഞ്ഞു. അതിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞതു് ഏറ്റവും കുറവായി വിനോദനികുതി പിരിക്കുന്ന ഒരു സംസ്ഥാനമാണു് കേരളം എന്നാണു്. 1967–68–ൽ 55 ലക്ഷം രൂപയായിരുന്നു ഇതിനത്തിൽ കേരളത്തിലെ വരുമാനം. മഹാരാഷ്ട്രയിൽ അതു് 8 കോടി രൂപ ആയിരുന്നു; പതിനാറിരട്ടി. തമിഴ്നാട്ടിലാകട്ടെ ഏതാണ്ടു പന്ത്രണ്ടു് ഇരട്ടിയായിരുന്നു—അതായതു് ആറരക്കോടിരൂപ. അഖിലേൻഡ്യാടിസ്ഥാനത്തിൽ പ്രതിശീർഷ വിനോദ നികുതിയുടെ ശരാശരി 74 പൈസയാണെങ്കിൽ കേരളത്തിലേതു് വെറും 27 പൈസ മാത്രമാണെന്നു കാണുന്നു. അതായതു് അഖിലേൻഡ്യാടിസ്ഥാനത്തിലുള്ളതിൻെറ ഉദ്ദേശം മൂന്നിലൊന്നുമാത്രം. വിനോദനികുതി കുറേക്കൂടി കൂട്ടി വരവു അല്പം വർദ്ധിപ്പിക്കാൻ സാദ്ധ്യതയുണ്ടു്. സക്കസ്സും നാടകങ്ങളും മറ്റും നികുതിയിൽനിന്നൊഴിവാക്കുന്നതുമൂലം ഉണ്ടാകുന്ന നഷ്ടം മറ്റിനങ്ങളിലുള്ള വിനോദനികുതി അല്പം വർദ്ധിപ്പിച്ചാൽ കുറച്ചെങ്കിലും നികത്താൻ സാധിക്കുന്നതാണു്.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്ടു്: വിനോദനികുതിയിനത്തിൽ അഖിലേൻഡ്യാടിസ്ഥാനത്തിൽ നല്ലൊരുതുക സിനിമയിൽനിന്നു കിട്ടുന്നുണ്ടെന്നറിയാമോ ?

ശ്രീ. എം. കെ. എ. ഹമീദ്: സിനിമയുടെ കാര്യത്തിൽ കേരളവും മോശമല്ല.

സർ, ഇന്നു പുമത്തപ്പെട്ടിരിക്കുന്ന വിനോദനികുതി സഹിക്കാൻവയ്യാ എന്നും മറ്റും പ്രചരണം നടത്തുകയും, മുദ്രാവാക്യം മുഴക്കുകയും ചെയ്യുന്നതു കേൾക്കാറുണ്ടു്. ഏതെങ്കിലും കൂടുതലാണെങ്കിൽ പരിശോധിച്ചിട്ടു് കുറയ്ക്കുണം, കുറവുണ്ടെന്നുകണ്ടാൽ കൂട്ടുകയുംവേണം. അതെല്ലാം ശരിയായ രീതിയിൽ പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണു്.

സർ, ഞാൻ ഇതു പറയാൻ മറ്റൊരു കാരണം കൂടിയുണ്ടു്. വികസനകാര്യങ്ങളിൽ വളരെ പിന്നോക്കം നിൽക്കുന്ന സംസ്ഥാന ഗവണ്മെൻറു് ലാഘവബുദ്ധിയോടുകൂടി വരുമാനമാർഗ്ഗങ്ങൾ ഉപേക്ഷിക്കുന്നതു് ശരിയായ നടപടിയാണോ എന്നു ഞാൻ സംശയിക്കുകയാണു്. 'ദാനശീലത്തിലോ കർണ്ണൻെറ പേച്ചി നീ' എന്നു വിശേഷണയോഗ്യമായ നയം ചിലപ്പോഴൊക്കെ സംസ്ഥാന ഗവണ്മെൻറു് സ്വീകരിച്ചുവരുന്നതായി കാണുന്നു. രണ്ടേക്കറിൽതാഴെ കൃഷിഭൂമിയുള്ളവരെ നികുതിയിൽ നിന്നൊഴിവാക്കിയതുമൂലം കർഷകനു് പ്രതിവർഷം പരമാവധി നാലുരൂപയുടെ ലാഭംമാത്രമാണുണ്ടാകുന്നതു്. അതേ അവസരത്തിൽ ഗവണ്മെൻറിനു് വൻപിച്ച ഒരു ആദായം ഇല്ലാതാകുന്നുമാണു്. അതുപോലെതന്നെ വാട്ടർസെസ്സിലും ഇളവു ചെയ്തിട്ടുണ്ടു്. നിസ്സാരമെന്നു കരുതാവുന്ന ഈ നികുതികളും സമാഹരിച്ചാൽ ഒരു വലിയതുക ഗവണ്മെൻറിനു് സംഭരിക്കാനും വികസനപ്രവർത്തനങ്ങൾക്കു ഫലപ്രദമായി വിനിയോഗിക്കാനും സാധിക്കുന്നതാണു്. അങ്ങനെ പ്രത്യുല്പാദനപരമായ കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ സഹായകമായ രീതിയിൽ ഇത്തരം ചെറിയ നികുതി ഇളവുകളും സമാഹരിച്ചു ഗവണ്മെൻറിൻെറ വരവു വർദ്ധിപ്പിക്കാനുള്ള ഒരു ശ്രമം നടത്തിയാൽ അതു രാജ്യത്തിനും നാട്ടുകാർക്കും വളരെ പ്രയോജനപ്പെടുത്താൻ കഴിയുന്നതാണു്. പല ബഹുമാനപ്പെട്ട മെമ്പറന്മാരും അവരവരുടെ നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ സൗകര്യങ്ങളില്ല, വികസനപ്രവർത്തനങ്ങളും വേണ്ടത്ര പുരോഗമിക്കുന്നില്ല എന്നൊക്കെ പരാതികളും പറയാറുണ്ടു്. പ്രതിവർഷം നാലുരൂപയുടെ നികുതിയിളവുമൂലം ഒരു കർഷകനെ സഹായിക്കുന്നതുകൊണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

നിസ്സാരമായ സ്കൃതികർമ്മം ഇളവുചെയ്തുകൊടുത്തു കൊണ്ട് ആക്കെകിലും ആശ്വാസം നൽകാമെന്നു കരുതുന്നതുകൊണ്ടോ ഉണ്ടാകുന്ന നേട്ടത്തെക്കാൾ ആ ഇനങ്ങളിൽനിന്നുണ്ടാക്കാവുന്ന വരവുകൾ സമാഹരിച്ചുകൊണ്ട് നാടിനും നാട്ടുകാർക്കും ഉപകാരപ്രദമായ നല്ല കാര്യങ്ങൾ പലതും ചെയ്യുന്നതാണ് കൂടുതൽ നല്ലത് എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടാണ് ഞാൻ പറയുന്നത്, വരവിനങ്ങൾ വേണ്ടെന്നു വയ്ക്കുമ്പോൾ അതു ലാഘവബുദ്ധിയോടുകൂടി കൈകാര്യം ചെയ്യാതെ സൂക്ഷ്മമായി പരിശോധിച്ചതിനുശേഷം തീരുമാനം എടുക്കണമെന്ന്. ഈ ബിൽ പെട്ടെന്നു പാസ്സാക്കി എടുക്കാതെ ഒരു സെലക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കു വിടണമെന്നാണ് എന്റെ അഭിപ്രായം.

Shri U. P. Kunikullayya:—While welcoming the Bill, I want to submit a few facts which are peculiar to Kasargod Taluk. I am afraid whether arts like Kathakali, Ottamthullal etc., will come under the definition of drama. Similar to Kathakali, we have got an art in Kasargod Taluk called 'Yakshagana Bayalatoa'. This popular folk art of the Taluk is witnessed by hundreds of people throughout night especially by the rustic, illiterate villagers. The village folk whether literate or illiterate even take part in the performance. Though it is similar to Kathakali dance, while Kathakali is silent dancing by the actors, in "Yakshagana Bayalattoa "there will be dialogues also besides dancing.

I do not know how many members of the Legislature have witnessed this. I think it is better that we perform one show for the benefit of the members to appreciate the art. There are so many troups in Kasargod Taluk devoted to Yakshagana Bayalatoa, who eke out their livelihood by touring Mysore State because the entertainment tax in Kerala is very high; whereas in Mysore it is exempted. As the said art is used to depict our ancient legends and instruct about the cultures, high traditions, conventions of our country, Yakshagana Bayalattoa should also be included in the definitions of the term "drama". It is not only an amusing art, but an instructive one. This art is performed not only on the stages but in open fields by constructing pandals with petromax light alround: Though it was formerly an art of the uneducated people only, now even educated people take part in the performance and enjoy the art. Because the exhibition of the art has become too costly in Kerala people who want to see and enjoy the show, themselves perform it—even lawyers, doctors and teachers though they are not experts in the art. I request that encouragement should be given by the Government to this art. There are no troupes in the Travancore-Cochin area. Therefore please come to Kasaragod and see this. Now in our area, educated lawyers and teachers take part in this performance. Therefore I request the hon. Minister to include 'Yakshagana bayalattoa' also in the matter of exemption. Therefore my humble request is that this also should be included in the category of items which are exempted and I hope the hon. Minister will take note of this. Thank you.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വാമദേവൻ: സർ, നാടകങ്ങളെയും സർക്കസിനെയും മാജിക്കിനെയും വിനോദനികുതിയിൽനിന്നും ഒഴിവാക്കിക്കൊണ്ട് അവർ നടത്തുന്ന ഓരോ ഷോയ്ക്കും പതിനഞ്ചോ

12 noon] ഇരുപതോ രൂപാ വീതം കൊടുത്താൽ മതിയെന്ന അനുശാസിക്കുന്ന ഈ നിയമം നിലവിലിരുന്ന അവ്യക്തമായ ആവശ്യമില്ലാത്തതായ ഒരു നിയമത്തെ എടുത്തുകളയുകയാണു് ചെയ്തിരിക്കുന്നതെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണു്. ഇതുവരെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നടത്തിവരുന്ന വിനോദപ്രകടനങ്ങളിൽ നിന്നും കിട്ടുമായിരുന്ന ലക്ഷക്കണക്കിനു രൂപയുടെ വിനോദനികുതി നഷ്ടപ്പെട്ടുപോകും എന്ന ആശങ്കയ്ക്കും അവകാശമില്ല. വിനോദനികുതിയുടെ സിംഹഭാഗവും ലഭിക്കുന്നതു സിനിമയിൽനിന്നുമാണു്. ഇന്നത്തെ നിലവാരത്തിൽ വിനോദനികുതിയുടെ നിബന്ധനകളനുസരിച്ചു ടിക്കറ്റു വച്ചു നടത്തുന്ന വിനോദങ്ങളിൽ നിന്നു് ഉണ്ടാകുന്ന വരുമാനം സാമൂഹ്യവും സാംസ്കാരികവും കലാപരവും വിദ്യാഭ്യാസപരവുമായ ഉന്നമനങ്ങൾക്കാണു് വിനിയോഗിക്കപ്പെട്ടുന്നതു് എന്നു് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കു ബോദ്ധ്യമാകുകയാണെങ്കിൽ അവയെ നികുതിയിൽ നിന്നും ഒഴിവാക്കുന്നുണ്ടു്. തീരെ അവ്യക്തമായ, ഏതു നിലയിലും ഏതു സാഹചര്യത്തിലും വ്യാഖ്യാനിക്കുവാൻ സഹായകരമായ ഈ നിബന്ധനകളുടെ പാശ്ചാത്തലത്തിൽ അനുഭവത്തിൽ നിന്നും ഞാൻ പറയുകയാണു്, കഴിഞ്ഞ എട്ടോ പത്തു പത്തു വർഷക്കാലത്തിനപ്പുറം ഈ നഗരത്തിൽ നടത്തിയിട്ടുള്ള നാടകങ്ങളും ഒക്കെ ഏതെങ്കിലും കലാ സാംസ്കാരിക സാമൂഹ്യസംഘടനകളുടെ പുരോഗതിക്കു വേണ്ടി വിനിയോഗിക്കപ്പെടുന്നതേയുള്ള എന്നു് ഇതൊരു സത്യമായി അവശേഷിക്കുകയാണു്. പിന്നെ അവശേഷിക്കുന്നതു ഇതു ഏകസംപ്റ്റു ചെയ്യാൻവേണ്ടി സ്വീകരിക്കേണ്ട ചില ഫാർമാലിറ്റീസു് മാത്രമാണു്. അഞ്ചു രൂപ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കി തങ്ങളും നടത്തുന്ന നാടകമോ നൃത്തമോ നാട്ടിലെ ജനങ്ങളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവും കലാപരവും ആയിട്ടുള്ള പുരോഗതിക്കു വേണ്ടിയാണു് ആ ലാഭം വിനിയോഗിക്കുന്നതെന്നു അപേക്ഷിച്ചുകഴിഞ്ഞാൽ അതു ഒഴിവാക്കുവാനുള്ള നടപടികളും സ്വീകരിക്കുകമാത്രമേയുള്ള. ഇങ്ങനെ വിനോദനികുതിയിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടിവരുന്ന എല്ലാ അപേക്ഷകളും സ്വീകരിക്കുകയും അഞ്ചു രൂപ അടച്ചുകഴിഞ്ഞാൽ അനുകൂലമായി വിനോദനികുതിയിൽനിന്നും ഒഴിവാക്കുവാൻ തീരുമാനം എടുക്കുകയുമാണു് പതിവു്. അതിൽനിന്നും വ്യത്യസ്തമായി ഇങ്ങനെ നടത്തുന്ന നാടകങ്ങളായാലും നൃത്തമായാലും ഓരോ ഷോയ്ക്കും 25 രൂപ കൊടുക്കണമെന്നു പറഞ്ഞിട്ടുള്ളതു് തദ്ദേശ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നു നിലവിലിരിക്കുന്നഅവ്യക്തമായ നടപ്പിൽവരുത്തുവാൻ പ്രയാസമുണ്ടെന്നു ബോദ്ധ്യം വന്നിരിക്കുന്ന നിയമങ്ങളുടെ സ്ഥാനത്തു പ്രയോജനകരമാണെന്നു ഞാൻ വിശ്വസിക്കുകയാണു്. ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലിൽ സർക്കസും നാടകവും മാജിക്കും മാത്രമാണു് ഉൾപ്പെടുത്തിയിട്ടുള്ളതു്. കലാരംഗത്തു് ഇതിനെക്കാളും പ്രയോജനകരങ്ങളായ പല ശാഖകളും ഉണ്ടു്. ഒരു ബിൽ ഉണ്ടാക്കി അവതരിപ്പിക്കുന്ന അവസരത്തിൽ നാടകത്തിലും മാജിക്കിലും സർക്കസിലുമായി മാത്രം ഇതു ഒതുക്കിനിറുത്തിയാൽ എനിക്കു തോന്നുന്നു നാളെ മുതൽ ഇതിൽ മൂന്നിലും പെടാത്ത നൃത്തം, സംഗീതം, ഏകാംസിമ്പ്രിഷൻ തുടങ്ങിയ ടിക്കറ്റു വച്ചു നടത്തപ്പെടുന്ന വിനോദങ്ങളേയും നേരത്തെ സൂചിപ്പിച്ചതുപോലെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ കലാപരമായ അഭിവൃദ്ധികൊണ്ടുവരുവേണ്ടിയാണു് നടത്തുന്നതെന്നും അതുകൊണ്ടു് അവയെക്കൂടി ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തുകതന്നെ വേണമെന്നും കാണിച്ചുകൊണ്ടുള്ള മെമ്മോറാണ്ടങ്ങളും നിവേദനങ്ങളും ഉണ്ടാകുമെന്നു്. നാം ആ കാര്യംകൂടി മുന്നിൽ കാണേണ്ടതുണ്ടു്. സ്വാഭാവികമായും കേരളത്തിനു പ്രത്യേകമായി അവകാശപ്പെടാനുള്ള കഥകളി ബില്ലിലെ വ്യവസ്ഥ അനുസരിച്ചു് 25 രൂപ അടച്ചാൽ മാത്രം പോരാ, എന്റർടെയിൻമെന്റു് ടാക്സിനു വിധേയമാണു് അതു. അതുകൊണ്ടു ഇതു നിതാന്തമായ ഒരു പ്രശ്നമായി നീണ്ടുനിൽക്കുന്ന ഒരു പ്രശ്നമായി മാറുകയില്ലേ എന്നു എനിക്കു സംശയ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മാണ്. അതു പോലെതന്നെ നാടകങ്ങളും എന്നു പറയുമ്പോൾ എല്ലാ നാടകങ്ങളും ഉൾപ്പെടുത്തണമോ എന്ന കാര്യത്തിലും എനിക്കു സംശയമുണ്ട്: അമച്വർ നാടക വേദിയേയും പ്രൊഫഷണൽ ഗ്രൂപ്പിനേയും രണ്ടും രണ്ടായിതന്നെ കാണണം. കലാരംഗത്തു തൊഴിലായി സ്വീകരിച്ചിട്ടുള്ള നാടകവേദികളും, ധനസമ്പാദന മാർഗ്ഗമായി സ്വീകരിച്ചുകൊണ്ടു നടത്തുന്ന നാടകവേദികളും കലാപ്രോത്സാഹനാർത്ഥം നടത്തുന്ന അമച്വർ നാടകവേദികളും രണ്ടും രണ്ടായിതന്നെ കാണണം. ഇതു രണ്ടും രണ്ടായി തരം തിരിച്ചു പ്രൊഫഷണൽ വിഭാഗവും കലാപരമായി സേവനം നടത്തുന്നതാണെങ്കിലും തൊഴിലായി സ്വീകരിച്ചിട്ടുള്ളതുകൊണ്ടു പ്രോത്സാഹനം നൽകേണ്ട കാലം കഴിഞ്ഞു എന്നുള്ളതുകൊണ്ട് അതുംകൂടി ഇവിടെ ഉൾപ്പെടുത്തണമോ എന്ന കാര്യം ഗവണ്മെൻറു ആലോചിക്കണം. സർ, ഇതു തദ്ദേശസ്ഥാപനങ്ങളും ടിക്കറ്റു വച്ചു നടത്തുന്ന വിനോദങ്ങളുടെ നേരേയുള്ള നിയന്ത്രണം കൂടിയാണ്. അതുംകൂടി എടുത്തുകഴിഞ്ഞാൽ ആ രംഗത്തു അവതരിപ്പിക്കുന്ന കലാശിൽപ്പങ്ങളെ അല്ലെങ്കിൽ അതുപോലുള്ള വിനോദങ്ങളെ ഏതു മേഖലയിൽ നടത്താൻ സാധിക്കുമെന്നും സംശയമുണ്ട്. ആ രംഗത്തു ഒരു നിയന്ത്രണം ആവശ്യമല്ലേ എന്നുള്ളതു പരിശോധിക്കേണ്ടതാണ്. സമൂഹത്തിനു ഗുണകരമല്ലാത്ത സമൂഹത്തിനെ തെറ്റായ വഴിയിലേയ്ക്കു നയിക്കുവാൻ, ഇടയുള്ളതായ കലാ സംഘടനകളേയും കലാ ശിൽപ്പങ്ങളേയും ഇതിൻെറ പരിധിയിൽ ഉൾപ്പെടുത്തി അവർക്കു ആനുകൂല്യം കൊടുത്താൽ ഒരു നിയന്ത്രണവുമില്ലാതെ കണ്ടുമാനം അത്തരം കലാശിൽപ്പങ്ങളും രംഗത്തുവരുവാൻ ഇടയുള്ളതുകൊണ്ടു അതു വേണമോ എന്ന കാര്യവും കൂടി ആലോചിക്കുവാനുണ്ട്. സർക്കസിനെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സർക്കസിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കുക മാത്രമല്ല, പ്രാദേശിക സ്ഥാപനങ്ങളും ഗ്രാൻറുവരെ കൊടുക്കാറുണ്ട്. എൻെറ അനുഭവത്തിൽ നിന്നും പറയുകയാണ്, മറ്റു പല സംഘടനകൾക്കും പ്രതിദിനം നൂറു രൂപവരെ വാടക ഈടാക്കുന്ന സ്ഥലങ്ങളും സർക്കസ് നടത്തുന്നതിലേയ്ക്കു സൗജന്യമായി തദ്ദേശ സ്ഥാപനങ്ങളും കൊടുക്കാറുണ്ട്. കേരളത്തിനു അവകാശപ്പെടാൻ സാധിക്കുന്ന ഇൻഡ്യയുടെ സർക്കസ് നടത്തുന്നതിലേയ്ക്കു സ്വയംഭരണസ്ഥാപനങ്ങളും ഇൻഡ്യാ ഗവണ്മെൻറും ധനപരമായ എല്ലാ സഹായങ്ങളും ചെയ്യുന്നുണ്ടെന്നുള്ളതു സത്യമാണ്. ഈ ബില്ലിലൂടെ ആ തത്വം അംഗീകരിക്കുന്നുണ്ടെന്നു കാണുന്നതിൽ ഞാൻ സന്തോഷവാനാണ്. പക്ഷേ അവർ ഈ നാടകങ്ങളും നടത്തുമ്പോൾ കൊടുക്കേണ്ട 25 രൂപയിൽനിന്നും കുറച്ചുതുക കൊടുത്താൽ മതിയെന്നു നിജപ്പെടുത്തുന്നതിൽ എനിക്കു അഭിപ്രായ വ്യത്യാസം ഉണ്ട്. പലപ്പോഴും പല നാടകങ്ങളിലും ഈ 25 രൂപപോലും കൊടുക്കാൻ സാധിക്കാതെ നടന്നുവെന്നു വരാം. അതിനെക്കാൾ എങ്ങനെയായാലും സാമ്പത്തികശേഷിയും വരുമാനവും സർക്കസിനു ലഭിച്ചു എന്നും വരാം. കാണികളുടെ എണ്ണവും മറ്റു കാര്യങ്ങളും നോക്കിയാലും നാടകകമ്പനികളും നടത്തുന്നതിനെക്കാൾ വിപുലമാണ് സർക്കസ് സ്ഥാപനങ്ങളേയ്ക്കു്. അതുകൊണ്ടു 25 രൂപയിൽ നിന്നും അതു കുറയ്ക്കേണ്ട യാതൊരു ആവശ്യവുമില്ല. ഇതു ഉടനെ പാസ്സാക്കുന്നതിൽ എനിക്കു യാതൊരു എതിരഭിപ്രായവുമില്ല. എങ്കിലും സെലക്ട് കമ്മിറ്റിയുടെ വിശദവും വിദഗ്ദ്ധവുമായ പരിശോധന കൂടാതെ പാസ്സായിക്കഴിഞ്ഞാൽ, എനിക്കു തോന്നുന്നു, ഈ നാടകത്തിൻെറയും മാജിക്കിൻെറയും സർക്കസിൻെറയും കൂടെ ഇന്നയിന്ന വിനോദങ്ങളും കൂടി ഉൾപ്പെടുത്തണമെന്നുള്ള പൊതുജനാഭിപ്രായം തീർച്ചയായും ഉണ്ടാകും. അങ്ങനെ യാതെല്ലാം വിനോദങ്ങളെ ഉൾപ്പെടുത്തുവാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ചു് ഒരു പരിശോധന ആവശ്യമാണെന്നു്. സിനിമ പോലും ഒഴിവാക്കപ്പെടേണ്ടി വരികയില്ലേ, അത്തരം ഒരു ഘട്ടത്തിലല്ലേ നാം നിൽക്കുന്നതെന്നു എനിക്കു തോന്നിപ്പോകുകയാണ്. സാംസ്കാരികമായും വിദ്യാഭ്യാസപരമായും കലാപരമായും വളരെ മെച്ചപ്പെട്ട സിനിമകളും ഉണ്ടെന്നുള്ളതുകൊണ്ടു അതിൻെറ അടിസ്ഥാനത്തിൽ അത്തരം സിനിമകളെകൂടി വിനോദ നികുതിയിൽനിന്നും ഒഴിവാക്കേണ്ടിവരികയില്ലേ എന്നു ഞാൻ സംശയിക്കുകയാണ്. ഇതൊരു വ്യവസായമാണ്. വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിച്ചുകൊണ്ടു നടത്തുന്ന ഇത്തരം

വിനോദങ്ങളെ ഒഴിവാക്കുന്നില്ലെങ്കിൽ പ്രൊഫഷണൽ നാടകവേദികളെയും ഒഴിവാക്കേണ്ട കാര്യമില്ല എന്ന അഭിപ്രായമാണു് എനിക്കുള്ളതു്. അവയെ ഒഴിവാക്കുകയാണെങ്കിൽ അതുപോലെ വ്യവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന സിനിമകളേയും ഒഴിവാക്കേണ്ടി വരികയില്ലേ എന്നു എനിക്കു സംശയമുണ്ടു്.

ബോക്സാഫീസ് ഹിറ്റല്ലാതെ (Box office hit) ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ മനുഷ്യസമുദായത്തിന്റെ ഉന്നമനത്തെ ഉദ്ദേശിച്ചുകൊണ്ടുള്ള, അതായതു് സാംസ്ക്കാരികമായും സാമൂഹ്യമായും, കലാപരമായും മനുഷ്യനു് ഗുണം ഉണ്ടാക്കുന്ന ഫിലിമും ഉണ്ടു് അതെല്ലാം നികുതിയിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടികളും എടുക്കേണ്ടതാണു്.

ശ്രീ. ആർ കൃഷ്ണൻ (പാലക്കാടു്): ഇപ്പോഴുതന്നെ ഇത്തരത്തിലുള്ള സിനിമകൾക്കു് ടാക്സ് കൊടുക്കേണ്ടെന്നറിയാമോ?

ശ്രീ. കെ. സി. വാമദേവൻ:- അങ്ങനെ ഇളവു ചെയ്തുകൊടുത്തിട്ടുള്ളതു് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള വളരെ കുറച്ചു പടങ്ങൾക്കുമാത്രമേയുള്ളൂ.സാമൂഹ്യരംഗത്തു വളരെയധികം സംഭാവന ചെയ്തിട്ടുള്ള പടങ്ങളെ വിനോദനികുതിയിൽനിന്നും ഒഴിവാക്കിയിട്ടില്ലെന്നുള്ളതുകൊണ്ടാണു് ഞാനിതു പറഞ്ഞതു്. ഏതായാലും അത്തരം പടങ്ങളെയെങ്കിലും ഇതിൽനിന്നും ഒഴിവാക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി ഭേദഗതി ബില്ലിനെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുകയാണു്. നാടകങ്ങളേയും കലകളേയും പ്രോത്സാഹിപ്പിക്കുകയെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇതു് പറയുമ്പോഴും കേവലം സാംസ്ക്കാരികമൂല്യങ്ങളോടുകൂടിയ കലകളെയെല്ലാം പ്രോത്സാഹിപ്പിക്കാൻ അവയെല്ലാംതന്നെ വിനോദനികുതിയിൽനിന്നും ഒഴിവാക്കണമെന്നല്ല ഞാൻ ഉദ്ദേശിക്കുന്നതു്. സാമ്പത്തികമായ ഭാരംകൊണ്ടു് വളരാൻ പ്രയാസപ്പെടുന്ന കലകൾക്കു് തീർച്ചയായും പ്രോത്സാഹനം നൽകേണ്ടതു് ഗവണ്മെന്റിന്റെ ചുമതലയാണു്. സിനിമയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വാമദേവൻ പറഞ്ഞതുപോലെ സാംസ്ക്കാരികമായും കലാപരമായും ഉന്നതമൂല്യങ്ങൾ നിലനിറുത്തുന്ന സിനിമകളുണ്ടു്. അവയെല്ലാംതന്നെ സാമ്പത്തികമായ ഭാരം കൊണ്ടു് ഞെരുങ്ങുന്നുവെന്നു് ഞാൻ പറയുന്നില്ല. വിനോദനികുതി നൽകേണ്ടതു് അതിന്റെ നടത്തിപ്പുകാരാണു്. സിനിമയെ സംബന്ധിച്ചിടത്തോളം തീയേറ്ററുകാരാണു് നടത്തുന്നതു്. തീയേറ്ററുകാർ ഒരു വ്യവസായമെന്നുള്ള നിലയ്ക്കാണു് സിനിമ നടത്തുന്നതു്. എന്നാൽ അതുപോലെതന്നെയല്ല നാടകങ്ങൾ. നാടകങ്ങൾ രംഗത്തു കൊണ്ടുവരുന്നതു് നാടകസംഘങ്ങളല്ല. നാടകത്തിന്റെ നടത്തിപ്പുകാർ വിദ്യാലയങ്ങൾ, കലാശാലകൾ, വായനശാലകൾ, പ്രാദേശിക കലാസമിതികൾ മുതലായവയാണു്. അതുകൊണ്ടു് അതിനുള്ള വിനോദനികുതി കൊടുക്കേണ്ടിവരുന്നതു് ഞാൻ മേൽപറഞ്ഞ സംഘടനകളാണു്. ഇങ്ങനെയുള്ള സംഘടനകൾക്കെല്ലാംതന്നെ സാമ്പത്തികമായ ഭാരംകൊണ്ടും, വിനോദനികുതികൂടി കൊടുക്കേണ്ടിവരുന്നതുകൊണ്ടും അവർ ആഗ്രഹിക്കുന്ന രീതിയിൽ നാടകങ്ങൾ അവതരിപ്പിക്കാൻ കഴിയുന്നില്ല. അതിൽനിന്നും അവരെ രക്ഷിക്കണമെങ്കിൽ വിനോദനികുതിയിൽനിന്നും അവരെ ഒഴിവാക്കേണ്ടതാവശ്യമാണു്. പ്രൊഫഷണൽ നാടകവേദികളെ സംബന്ധിച്ചും അമച്വർ നാടകവേദികളെ സംബന്ധിച്ചും വ്യത്യാസമില്ല. പ്രൊഫഷണൽ നാടകങ്ങൾതിരുവനന്തപുരത്തായാലും മറ്റേതു് സ്ഥലത്തായാലും അഭിനയിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്നതു് പ്രാദേശിക സംഘടനകളാണു്. ആ സംഘടനകളെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ അതൊരു വ്യാവസായികസ്ഥാപനമല്ലെന്നു കാണാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വാമദേവൻ: ധനസമ്പാദനത്തിനുവേണ്ടി മാത്രം സ്ഥിരം നാടകവേദികളും നടത്തുന്നുണ്ട്. അവരെ എന്തു ചെയ്യണമെന്നാണ് പറയുന്നത്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: ചില സ്ഥിരം നാടകവേദികളും ട്രൂപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. അങ്ങനെ ട്രൂപ്പ് സ്വന്തമായിട്ടുള്ള സ്ഥിരം നാടകവേദികളും വളരെ വളരെ വിരളമാണ്. മിക്കവാറും കേരളത്തിന്റെ നാനാഭാഗങ്ങളിൽ സംഘടിപ്പിക്കുന്നത് പ്രാദേശികമായ ഏതെങ്കിലും സംഘടനകളുടെ ആഭിമുഖ്യത്തിലായിരിക്കും. ആ സംഘടനകളെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ അവർ ഇങ്ങനെ നാടകങ്ങളും നടത്തുന്നതു് ധനപരമായ ഉദ്ദേശത്തോടുകൂടിയായിരിക്കുകയില്ലെന്നു് കാണാവുന്നതാണ്. തങ്ങളുടെ നാട്ടിലുള്ള ജനങ്ങൾക്കു് വളരെ നല്ല നാടകങ്ങളും കാണിച്ചുകൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരിക്കും അവർ നാടകങ്ങളും നടത്തുന്നതു്. അതുകൊണ്ടു് വിനോദനികുതി കൊടുക്കേണ്ട ഭാരം പ്രാദേശികസംഘടനകളുടെ തലയിൽ വന്നു വീഴുകയാണെങ്കിൽ നല്ല നാടകങ്ങളും കാണാനുള്ള ഭാഗ്യം ആ നാട്ടിലെ ജനങ്ങൾക്കു് നിഷേധിക്കുകയാണു്. അതുപോലെതന്നെ അമച്വർ നാടകവേദിയുടെ കാര്യം. അതുകൊണ്ടു് ഇവയെല്ലാംതന്നെ ഒരുപോലെ ഒഴിവാക്കേണ്ടതാണു്. സാമ്പത്തികമായി വളരെയധികം ഭാരം വരുന്നതു് അമച്വർ നാടകവേദികൾക്കാണു്. നടീനടന്മാരെ സംഘടിപ്പിച്ചു് അരങ്ങേറുമ്പോൾ ഉണ്ടാകുന്ന ചെലവുകളും വഹിക്കുന്നതിനുവേണ്ടി അവർ ടിക്കറ്റു വിൽക്കുന്നുണ്ടു്. ആ ടിക്കറ്റു വിൽക്കുന്നതിൽനിന്നും വിനോദനികുതി കൊടുക്കണമെന്നു പറഞ്ഞാൽ അവർക്കു് അവസാനം നാടകം അവതരിപ്പിക്കാൻ സാധിക്കാതെവരും. ഈ നാട്ടിൽ കലകളെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുന്നതു് അതാതുകാലം അധികാരത്തിലിരിക്കുന്ന ഭരണാധികാരികളാണു്. പഴയ കാലത്തു് രാജാക്കന്മാരും, നാടുവാഴികളുമായിരുന്നു. അന്നെല്ലാംതന്നെ വലിയ സഹായങ്ങളും അങ്ങോട്ടു ചെയ്തുകൊടുത്തിട്ടില്ലെങ്കിലും ഇങ്ങോട്ടൊന്നുംതന്നെ പിഴിഞ്ഞെടുക്കുന്നതു് ദുഷ്കൃത്യം ചെയ്തിരുന്നില്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു് വലിയ നഷ്ടമൊന്നും ഉണ്ടാകുകയില്ലെന്നും, ലാഭമാണു് ഉണ്ടാകുന്നതെന്നും നമ്മുടെ തലസ്ഥാനനഗരിയിലെ പ്രധാനപ്പെട്ട ഭരണാധികാരി അദ്ദേഹത്തിന്റെ അനുഭവംവച്ചു് പറയുകയുണ്ടായി. കലകളെ വികസിപ്പിക്കുന്നതിനുള്ള ഈ പദ്ധതി വളരെയധികം അത്യാവശ്യമാണെന്നാണു് എനിക്കു് പറയുവാനുള്ളതു്.

സർക്കസ് കേരളത്തിന്റെ ഒരു കലയാണു്. കേരളത്തിൽനിന്നും അവർക്കു് ആവശ്യമായ ആനുകൂല്യം ലഭിക്കാത്തതുകൊണ്ടു് വളരെ അപൂർവ്വമായേ കേരളത്തിൽ സർക്കസ്സു് നടത്തുന്നുള്ളൂ. ഇൻഡ്യയിലുള്ള മറ്റു സ്റ്റേറ്റുകളിലും, ഇൻഡ്യയ്ക്കു വെളിയിലും സർക്കസ് ധാരാളമായി നടത്തുന്നുണ്ടു്. കേരളത്തിലേയ്ക്കു് അവർ വരാൻ മടിക്കുന്നതു് ദുർവഹമായ ഭാരം വഹിക്കാൻ കഴിവില്ലാത്തതുകൊണ്ടാണു്. അതുകൊണ്ടു് അവർക്കു് ആവശ്യമായ ആനുകൂല്യങ്ങളും ചെയ്തുകൊടുത്തു് സർക്കസിനെ പ്രോൽസാഹിപ്പിക്കേണ്ടതാണു്. മറ്റുള്ള കലാപ്രദർശനങ്ങളും വെറൈറ്റി എൻറർടെയിൻമെൻറുകളെയും ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണു്. ഇതെല്ലാം കൂടി പരിഗണിക്കണമെങ്കിൽ മാത്രം ഈ ബിൽ സെലക്ടുകമ്മിറ്റിക്കു വച്ചാൽ മതിയെന്നാണു് എനിക്കു് പറയുവാനുള്ളതു്. അതല്ല സെലക്ടുകമ്മിറ്റിക്കുവയ്ക്കാതെ ഇപ്പോൾതന്നെ പാസ്സായി നിയമമാക്കുകയാണെങ്കിൽ അതും വളരെ സന്തോഷമാണു് ഈ ബിൽ ഇപ്പോൾ അവതരിപ്പിച്ചതിൽ ബഹുമാനപ്പെട്ട മന്ത്രിയെ അനുമോദിച്ചുകൊണ്ടും, ഈ ബില്ലിനെ ഒന്നുകൂടി സ്വാഗതം ചെയ്തുകൊണ്ടും ഞാൻ അവസാനിപ്പിക്കുകയാണു്.

ശ്രീ. ടി. എ. മജീദ്: സർ, ഈ ബില്ലിനെപ്പറ്റി വേണ്ടത്ര ചർച്ച ഇപ്പോൾതന്നെ നടന്നു കഴിഞ്ഞു. ഇനി ഇതിനെപ്പറ്റി മന്ത്രിക്കു പറയുവാനുള്ളതു് പറഞ്ഞിട്ടു്

LIBRARY ARCHIVES Kerala Legislative Assembly

പന്ത്രണ്ടരമണിക്കു് നമുക്കു് വേറെ ബിസിനസ് എടുക്കേണ്ടതുണ്ടു്. അതുകൊണ്ടു് ഇതിനെപ്പറ്റി ഇനിക്കൂടുതൽ ചർച്ച ആവശ്യമാണോ?

ശ്രീ. ഈ. അഹമ്മദു്: സർ ഞാൻ ഒരു കാര്യം മാത്രം പറഞ്ഞുകൊണ്ടു് അവസാനിപ്പിക്കാം. അതുകൊണ്ടു് എനിക്കു് അതിനുള്ള അവസരം തരണമെന്നു് അപേക്ഷിക്കുന്നു.

സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി ഭേദഗതി ബില്ലിനെ ഞാൻ അനുകൂലിക്കുകയാണു്. ഈ ബില്ലുകൊണ്ടു് സർക്കസിനു് ആനുകൂല്യം നൽകുന്നതിൽ അനുകൂലിക്കുന്നതോടൊപ്പം ഒരു കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണു്. സർക്കസു് പഠിപ്പിക്കുന്നതിനു് വടക്കേ മലബാറിൽ തലശ്ശേരിയിൽ ഒരു കോളേജു് ആരംഭിക്കാനുള്ള കെട്ടിടം കെട്ടിയിട്ടുണ്ടു്. ആ കോളേജു് നടത്തുന്നതിനു് ആവശ്യമായ സഹായ സഹകരണങ്ങളും നൽകണമെന്നു് പലപ്രാവശ്യം ഗവണ്മെൻറിനോടു് അപേക്ഷിച്ചിട്ടുണ്ടു്. പക്ഷെ ഇതുവരെയായിട്ടും യാതൊരു സഹായങ്ങളും ഗവണ്മെൻറിൽനിന്നും ചെയ്തുകൊടുത്തിട്ടില്ല. ഇനിയെങ്കിലും അതിനുവേണ്ട നടപടികളും എടുക്കണമെന്നു് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണു്. മറ്റുകലകളെപ്പോലെയല്ല സർക്കസു്. കേരളത്തിലുള്ള പലയാളുകളും തൊഴിൽകിട്ടുന്ന ഒരു കലകൂടിയാണു് സർക്കസു്. കേരളത്തിനു് വിദേശങ്ങളിൽപോലും അന്തസ്സു് നേടിക്കൊടുക്കുന്ന ഒരു കലയാണു് സർക്കസു്. അതിൽ നാം അഭിമാനിക്കേണ്ടതാണു്. ആ കലയെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ വ്യവസ്ഥകളുംകൂടി ഇതിൽ ഉൾക്കൊള്ളിക്കേണ്ടതാണു്. ഇതോടൊപ്പം എനിക്കു ഒരു കാര്യംകൂടി പറയുവാനുണ്ടു്. വിനോദനികുതിയിൽനിന്നും മ്യൂസിക്കിനേയും ക്ലാസിക്കൽ മ്യൂസിക്കിനേയും ഒഴിവാക്കേണ്ടതാണു്. ഇത്രയും കാര്യങ്ങളും പറഞ്ഞുകൊണ്ടു് ഞാനെൻറെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ): സർ, ഈ ബില്ലിനെ പൊതുവെ അനുകൂലിച്ചു കണ്ടതിൽ വളരെയധികം സന്തോഷമുണ്ടു്. എന്നാൽ ബഹുമാനപ്പെട്ട മാണി ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കുന്നതിനു് മന്ത്രിയ്ക്കു ലജ്ജയില്ലേ എന്നു ചോദിക്കുകയുണ്ടായി. ശ്രീ. മാണിക്കു് ഒരു പ്രസംഗത്തിൽ ലജ്ജയില്ലേ എന്നു് ചേർത്തില്ലെങ്കിൽ അതു് പ്രസംഗമാകയില്ലെന്നുള്ള ഒരു മാനസികാവസ്ഥയുള്ളതുപോലെ തോന്നുന്നു. അങ്ങനെ ലജ്ജിക്കേണ്ട യാതൊന്നുംതന്നെ ഇതിലില്ല എന്നാണു് എനിക്കു പറയുവാനുള്ളതു്. സർക്കസു് വളരെ അപൂർവ്വമായേ കേരളത്തിൽ നടത്തുന്നുള്ളൂ. നമ്മുടെ സംസ്ഥാനത്തു നടത്തുന്ന സർക്കസുകളെല്ലാംതന്നെ വളരെ ചെറിയ കമ്പനികളാണു്, എത്ര ചെറിയ കമ്പനിയായിരുന്നാലും മുപ്പതു രൂപ കൊടുക്കണം. പിന്നെ തറവാടക മുതലായവയുണ്ടു്. ഇതെല്ലാമാണു് പ്രധാനമായിനോക്കേണ്ടതു്. ഒരു ദിവസം കൂടുതൽ രണ്ടു കളിയെങ്കിലും കാണും. മറ്റു പല സംസ്ഥാനങ്ങളിലും ഇതിനെ പൂർണ്ണമായി നികുതിയിൽനിന്നു് ഒഴിവാക്കിയിട്ടുണ്ടു്. നമ്മുടെ സംസ്ഥാനത്തു് സർക്കസു് കമ്പനിക്കാർ വരുമ്പോൾ, അവർക്കു് ഇതെല്ലാം ഒഴിവാക്കിക്കൊടുക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ഗവണ്മെൻറു തലത്തിൽ അവർ നിവേദനം നടത്തും. അപ്പോൾ അവയെല്ലാംതന്നെ ഒഴിവാക്കികൊടുക്കുന്ന ഒരു കീഴ്വഴക്കം ഇപ്പോൾതന്നെയുണ്ടു്. അതുപോലെതന്നെ ഇപ്പോഴും കലാപരിപാടികൾ നടത്തുന്നവർ അഭ്യർത്ഥനയുമായി ഗവണ്മെൻറിൻെറ അടുക്കൽ വരികയാണെങ്കിൽ അവ പരിഗണിക്കുകയും ആവശ്യമായ നടപടികളും എടുക്കുകയും ചെയ്യുന്നുണ്ടു്.

ശ്രീ. കെ. എം. മാണി: കൊസക്കിനെയെങ്കിലും ഇതിൽനിന്നും ഒഴിവാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ: അതു് ടിക്കറുവെച്ചു നടത്തുന്നതല്ല. അതുകൊണ്ടു് അക്കാര്യം കണക്കിലെടുക്കേണ്ടതില്ല. ഇപ്പോഴതന്നെ എല്ലാകാര്യത്തിലും ആവശ്യ നടപടികളെടുക്കുന്നുണ്ടു്. ഇതു് പാസാക്കിത്തരണമെന്നു് അഭ്യർത്ഥിക്കുന്നു.

The question that the Kerala Local Auhorities Entertainments Tax (Amendment) Bill, 1969 be taken into considera ion was put and carried.

Clause 2 to 4

The question that Clauses 2 to 4 stand part of the Bill was put and carried.

Clauses 2 to 4 were added to the Bill.

Clause 1, Preamble and Title.

The question that Clause 1, Preamble and Title, stand part of he Bill was put and carried.

Clause 1, Preamble and Title were added to the Bill.

Shri. T. K. Divakaran: Sir, I move that the Kerala Local Authorities Entertainments Tax (Amendment) Bill 1969 be finally passed.

Shri C H Muhammed Koya: I second it.

The question that the Bill be finally passed was put and carried.

The Bill was finally passed.

HALF AN HOUR DISCUSSION

LICENSE FOR FELLING OF TIMBER IN THE PRIVATE FORESTS

ശ്രീ. കെ. കരുണാകരൻ: ഇന്നു സഭയിൽ ഇന്നു മാസം 8-ാം തീയതി 142-ാം നമ്പർ ചോദ്യത്തിനു് മറുപടി പറഞ്ഞുകൊണ്ടു് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി നൽകിയിട്ടുള്ള വിവരണം സത്യത്തിനു് നിരക്കാത്തതും തെറ്റിദ്ധരിപ്പിക്കപ്പെട്ടിട്ടുള്ളതുമാണെന്നുള്ളതിനെ മുൻനിറുത്തിയാണു് റൂം 48 അനുസരിച്ചു് ഒരു ചർച്ചയ്ക്കു് ഞാൻ അനുവാദം ആവശ്യപ്പെട്ടിട്ടുള്ളതു്. സർ, പാറുക്കുട്ടി മുപ്പിലമ്മ എന്ന സ്ത്രീക്കു് മരം മുറിച്ചു് വിൽക്കുന്നതിനുള്ള അനുവാദം കൊടുക്കുന്നതിനെ സംബന്ധിച്ചുള്ളതായിരുന്ന ഉപചോദ്യം ഉണ്ടായിരുന്നതു്: അതിനു മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് ഈ കാര്യത്തിൽ ഗവണ്മെൻറു് ഒന്നുംതന്നെ തെറ്റായി ചെയ്തിട്ടില്ല, നിയമപ്രകാരമാണു് ചെയ്തിട്ടുള്ളതെന്നും പറഞ്ഞിട്ടുണ്ടു്. ശ്രീ. കെ. എം. ജോർജ്ജു് ചോദിച്ച ചോദ്യം ഇതാണു്.

"മുപ്പിലമ്മയ്ക്കു് കൊടുത്ത പെർമിറ്റിൽ വെട്ടാൻ ഉദ്ദേശിച്ചിരുന്നതിനേക്കാളും വെട്ടിയ തടി കൊണ്ടുപോകാൻ ടെലിപ്രിൻറർവഴി കളക്ടർക്കു് മെസേജു് കൊടുത്തിട്ടുണ്ടു്. അതിനെപ്പറ്റിയാണു് ചോദിച്ചതു്." അതിനു് മന്ത്രിയുടെ മറുപടി ഇതാണു്.

"എം. പി. പി. എഫു് ആക്ടു് പ്രകാരം ഏതെങ്കിലും ഒരാൾ നിയമവിരുദ്ധമായി മരം മുറിച്ചിട്ടുണ്ടെങ്കിൽ അതിനു് നടപടികൾ എടുക്കാൻ ആക്ടിൽ പ്രത്യേക വ്യവസ്ഥകളുണ്ടു്. അതുപ്രകാരം നടപടി നടത്തണമെന്നു് കളക്ടരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. നടപടി നടത്തുന്നതിനുള്ള അധികാരം കളക്ടർക്കാണു്. ഈ പ്രത്യേക കേസു് കളക്ടർ സ്റ്റേ ചെയ്തിരിക്കുകയാണു്."

എന്റെ ചോദ്യം ഇതാണു്.

LIBRARY ARCHIVES Kerala Legislative Assembly